**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4859** **20-07-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ടൂറിസം പദ്ധതിയുടെ ഭാഗമായി അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ തൈക്കാട്ടുശ്ശേരി Lake Front Park എന്ന പദ്ധതിക്ക് 50,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) | ടി പ്രവൃത്തി മുടങ്ങി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ടി പ്രവൃത്തി ഏറ്റെടുത്ത ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ; | (സി) | ഈ പദ്ധതിയുടെ നിർവഹണം ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ(ഡി. ടി. പി. സി.)നെയാണ് നിശ്ചയിച്ചിരുന്നത്. ഡി. ടി. പി. സി. നിർവാഹക സമിതിയുടെ തീരുമാനപ്രകാരം പദ്ധതിയുടെ ആർക്കിടെക്റ്റ് ആയിരുന്ന M/s GITPAC International എന്ന ഏജൻസിയെ ആണ് ടി പദ്ധതിയുടെ പ്രവർത്തികൾ ഏൽപ്പിച്ചിട്ടുള്ളത്.<br><br>M/s GITPAC Internationalന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ ചില നിർമ്മാണങ്ങൾ ആ പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ മാറ്റണമെന്ന ആവശ്യം ഉയർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി, ഭരണാനുമതി ലഭിച്ച ഘടകങ്ങൾ മാറ്റി പുതിയ ഘടകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പ്രവൃത്തികൾ പുനരാരംഭിച്ചു.<br><br>പദ്ധതിക്കുള്ള മുൻകൂർ തുകയായി വിനോദ സഞ്ചാര വകുപ്പ് ഡി. ടി. പി. സിക്ക് അനുവദിച്ച 25 ലക്ഷം രൂപ രണ്ടു ഘട്ടങ്ങളിലായി M/s GITPAC Internationalനു കൈമാറിയിരുന്നു. 50 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം അടുത്ത ഗഡു തുക ആവശ്യപ്പെട്ട് M/s |

| | | | |
|---|---|---|---|
| | | | GITPAC International, ഡി. ടി. പി. സി. മുഖേന വിനോദ സഞ്ചാര വകുപ്പിന് അപേക്ഷ നൽകിയെങ്കിലും, M/s GITPAC International സ്വകാര്യ ആർക്കിടെക്റ്റ് ഏജൻസി ആയതിനാൽ ആ ഏജൻസിക്കു സാങ്കേതികാനുമതി നൽകാനുള്ള അധികാരം ഇല്ലാത്തതിനാലും പ്രസ്തുത പദ്ധതിക്കു വിനോദ സഞ്ചാര വകുപ്പിന്റെ ടെക്നിക്കൽ കമ്മറ്റിയുടെയോ സർക്കാർ അംഗീകൃത ഏജൻസിയുടെയോ സാങ്കേതിക അനുമതി അനിവാര്യമായതിനാൽ , സാങ്കേതിക അനുമതി ലഭിച്ച ശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കാനാവൂ.<br><br>അതേസമയം അടുത്ത ഗഡു തുക ലഭിക്കാത്തതിനാൽ M/s GITPAC International പ്രവർത്തി പൂർത്തിയാക്കാതെ വന്നതോടെ GITPAC നിലവിൽ ചെയ്ത പ്രവൃത്തി നിർത്തി വയ്ക്കാനും അവശേഷിക്കുന്ന ജോലികൾ സർക്കാർ അംഗീകൃത ഏജൻസിയെ കൊണ്ട് പൂർത്തീകരിക്കാനും 29.06.2022ൽ ടൂറിസം ഡയറക്ടർ ചേർന്ന അവലോകന യോഗം തീരുമാനമെടുക്കുകയും ടി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. |
| (ഡി) | ടി പ്രവൃത്തി മുടങ്ങിയതിനുള്ള കാരണം എന്തെന്നും ആയത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (ഡി) | ഈ പദ്ധതിയുടെ നിർവഹണം ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ(ഡി. ടി. പി. സി.)നെയാണു നിശ്ചയിച്ചിരുന്നത്. ഡി. ടി. പി. സി. നിർവാഹക സമിതിയുടെ തീരുമാനപ്രകാരം പദ്ധതിയുടെ ആർക്കിടെക്റ്റ് ആയിരുന്ന M/s GITPAC International എന്ന ഏജൻസിയെ ആണ് ടി പദ്ധതിയുടെ പ്രവർത്തികൾ ഏൽപ്പിച്ചിട്ടുള്ളത്.<br>M/s GITPAC Internationalന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ ചില നിർമ്മാണങ്ങൾ ആ പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ മാറ്റണമെന്ന ആവശ്യം ഉയർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി, ഭരണാനുമതി ലഭിച്ച ഘടകങ്ങൾ മാറ്റി പുതിയ ഘടകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പ്രവൃത്തികൾ പുനരാരംഭിച്ചു. |

| | | | |
|---|---|---|---|
| | | | പദ്ധതിക്കുള്ള മുൻകൂർ തുകയായി വിനോദ സഞ്ചാര വകുപ്പ് ഡി. ടി. പി. സിക്ക് അനുവദിച്ച 25 ലക്ഷം രൂപ രണ്ടു ഘട്ടങ്ങളിലായി M/s GITPAC Internationalനു കൈമാറിയിരുന്നു. 50 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം അടുത്ത ഗഡു തുക ആവശ്യപ്പെട്ട് M/s GITPAC International, ഡി. ടി. പി. സി. മുഖേന വിനോദ സഞ്ചാര വകപ്പിന് അപേക്ഷ നൽകിയെങ്കിലും, M/s GITPAC International സ്വകാര്യ ആർക്കിടെക്റ്റ് ഏജൻസി ആയതിനാൽ ആ ഏജൻസിക്കു സാങ്കേതികാനുമതി നൽകാനുള്ള അധികാരം ഇല്ലാത്തതിനാലും പ്രസ്തുത പദ്ധതിക്കു വിനോദ സഞ്ചാര വകുപ്പിന്റെ ടെക്നിക്കൽ കമ്മറ്റിയുടെയോ സർക്കാർ അംഗീകൃത ഏജൻസിയുടെയോ സാങ്കേതിക അനുമതി അനിവാര്യമായതിനാൽ , സാങ്കേതിക അനുമതി ലഭിച്ച ശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കാനാവൂ.<br><br>അതേസമയം അടുത്ത ഗഡു തുക ലഭിക്കാത്തതിനാൽ M/s GITPAC International പ്രവർത്തി പൂർത്തിയാക്കാതെ വന്നതോടെ GITPAC നിലവിൽ ചെയ്ത പ്രവൃത്തി നിർത്തി വയ്ക്കാനും അവശേഷിക്കുന്ന ജോലികൾ സർക്കാർ അംഗീകൃത ഏജൻസിയെ കൊണ്ട് പൂർത്തീകരിക്കാനും 29.06.2022ൽ ടൂറിസം ഡയറക്ടർ ചേർന്ന അവലോകന യോഗം തീരുമാനമെടുക്കുകയും ടി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. |
| (ഇ) | ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | ഈ പദ്ധതിയുടെ നിർവഹണം ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ(ഡി. ടി. പി. സി.)നെയാണു നിശ്ചയിച്ചിരുന്നത്. ഡി. ടി. പി. സി. നിർവാഹക സമിതിയുടെ തീരുമാനപ്രകാരം പദ്ധതിയുടെ ആർക്കിടെക്റ്റ് ആയിരുന്ന M/s GITPAC International എന്ന ഏജൻസിയെ ആണ് ടി പദ്ധതിയുടെ പ്രവർത്തികൾ ഏൽപ്പിച്ചിട്ടുള്ളത്.<br>M/s GITPAC Internationalന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെ ചില നിർമ്മാണങ്ങൾ ആ പ്രദേശത്തിന് അനുയോജ്യമായ |

| | | | | |
|---|---|---|---|---|
| | | | | രീതിയിൽ മാറ്റണമെന്ന ആവശ്യം ഉയർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി, ഭരണാനുമതി ലഭിച്ച ഘടകങ്ങൾ മാറ്റി പുതിയ ഘടകങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പ്രവൃത്തികൾ പുനരാരംഭിച്ചു.<br><br>പദ്ധതിക്കുള്ള മുൻകൂർ തുകയായി വിനോദ സഞ്ചാര വകുപ്പ് ഡി. ടി. പി. സിക്ക് അനുവദിച്ച 25 ലക്ഷം രൂപ രണ്ടു ഘട്ടങ്ങളിലായി M/s GITPAC Internationalനു കൈമാറിയിരുന്നു. 50 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം അടുത്ത ഗഡു തുക ആവശ്യപ്പെട്ട് M/s GITPAC International, ഡി. ടി. പി. സി. മുഖേന വിനോദ സഞ്ചാര വകപ്പിന് അപേക്ഷ നൽകിയെങ്കിലും, M/s GITPAC International സ്വകാര്യ ആർക്കിടെക്റ്റ് ഏജൻസി ആയതിനാൽ ആ ഏജൻസിക്കു സാങ്കേതികാനുമതി നൽകാനുള്ള അധികാരം ഇല്ലാത്തതിനാലും പ്രസ്തുത പദ്ധതിക്കു വിനോദ സഞ്ചാര വകുപ്പിന്റെ ടെക്നിക്കൽ കമ്മറ്റിയുടെയോ സർക്കാർ അംഗീകൃത ഏജൻസിയുടെയോ സാങ്കേതിക അനുമതി അനിവാര്യമായതിനാൽ , സാങ്കേതിക അനുമതി ലഭിച്ച ശേഷം മാത്രമേ അടുത്ത ഗഡു അനുവദിക്കാനാവൂ.<br><br>അതേസമയം അടുത്ത ഗഡു തുക ലഭിക്കാത്തതിനാൽ M/s GITPAC International പ്രവർത്തി പൂർത്തിയാക്കാതെ വന്നതോടെ GITPAC നിലവിൽ ചെയ്ത പ്രവൃത്തി നിർത്തി വയ്ക്കാനും അവശേഷിക്കുന്ന ജോലികൾ സർക്കാർ അംഗീകൃത ഏജൻസിയെ കൊണ്ട് പൂർത്തീകരിക്കാനും 29.06.2022ൽ ടൂറിസം ഡയറക്ടർ ചേർന്ന അവലോകന യോഗം തീരുമാനമെടുക്കുകയും ടി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ